**Mathrubhumi, Kochi, September 26, 2009**

# ടിസിഎസ് ഐടി വിസ് ക്വിസ് ഒക്ടോബർ പത്തിന്

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് ഒക്ടോബർ പത്തിന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിനു സമീപമുള്ള ഐഎംഎ ഹൗസിൽ നടത്തും. എട്ട് മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. പ്രവേശനഫീ ഇല്ല. ആദ്യം രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 500 പേർക്ക് മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.tcsitwiz.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഒരു സ്ഥാപനത്തിൽനിന്ന് രണ്ടംഗങ്ങളുള്ള എട്ട് ടീമുകൾക്ക് വരെ പങ്കെടുക്കാം. ഒക്ടോബർ അഞ്ചിന് മുമ്പ് ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ ആൻഡ് ടി ടെക്പാർക്ക് ലിമിറ്റഡ്, ഇൻഫോ പാർക്ക്, കുസുമഗിരി പി.ഒ., കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ അപേക്ഷകൾ അയയ്ക്കണം.